തുമ്പമൺ മുതൽ തഴക്കര പഞ്ചായത്ത് വരെയുള്ള അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിന് നടപടി

48 [3301] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിലെ പത്തനംതിട്ട ജില്ലയിൽപ്പെട്ട തുമ്പമൺ മുതൽ ആലപ്പുഴ ജില്ലയിലെ തഴക്കര പഞ്ചായത്ത് വരെയുള്ള അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിന് നിലവിലുള്ള നിർദ്ദേശങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്രയെണ്ണത്തിന് സാമ്പത്തിക അനുമതി നൽകി എന്ന് വ്യക്തമാക്കാമോ;

(സി) ബാക്കിയുള്ളവയ്ക്ക് എന്നത്തേക്ക് അനുമതി നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽപ്പെട്ട തുമ്പമൺ പഞ്ചായത്ത് മുതൽ ആലപ്പുഴ ജില്ലയിലെ തഴക്കര പഞ്ചായത്ത് വരെയുള്ള അച്ചൻകോവിലാറിന്റെ തീരം സംരക്ഷണത്തിന് നിലവിലുള്ള നിർദ്ദേശങ്ങൾ ചുവടെ നൽകുന്നു:

(1) കേരള വാട്ടർ അതോറിറ്റി ഇൻടേക്ക് വെല്ലിന്റെയും പന്തളം പാലത്തിന്റേയും താഴ്ഭാഗത്ത് ഒരു സെമി പെർമനെന്റ് തടയണയുടെ നിർമ്മാണം.

(2) തുമ്പമൺ പഞ്ചായത്തിൽ അമ്പലക്കടവ് പാലത്തിന് താഴ്ഭാഗത്തുള്ള അച്ചൻകോവിലാറിന്റെ സംരക്ഷണ പണി.

(3) നൂറനാട് പഞ്ചായത്തിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ മുറിഞ്ഞ പുഴയ്ക്ക് സമീപം അച്ചൻകോവിലാറിന്റെ ഇടതു കരയിലെ സംരക്ഷണ പണി.

(4) തഴക്കര പഞ്ചായത്തിൽ കുന്നംമുള വേലിക്കടവിൽ വാർഡ് നമ്പർ 4-ൽ റെയിൽവേ പാലത്തിന് താഴ്ഭാഗത്തുള്ള സംരക്ഷണ പണി.

(5) തഴക്കര പഞ്ചായത്തിൽ കുന്നൻകരിമ്പൻകാവ് ക്ഷേത്രത്തിനുസമീപം വാർഡ് നമ്പർ 2-ൽ അച്ചൻകോവിലാറിന്റെ ഇടതുകരയുടെ അടിയന്തിര സംരക്ഷണ പണി.

(6) പന്തളം പഞ്ചായത്തിൽ പുന്നശ്ശേരിക്കടവിൽ അച്ചൻകോവിലാറിന്റെ ഇടതുകരയിലെ സംരക്ഷണ പണി.

(7) പന്തളം പഞ്ചായത്തിൽ പന്തളം വില്ലേജിൽ വാർഡ് നമ്പർ 1-ൽ അച്ചൻകോവിലാറിന്റെ ഇടതുകരയിലെ അടിയന്തിര സംരക്ഷണ പണി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) ഈ പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ നടപ്പിലാക്കാൻ നിർവ്വാഹമുള്ളൂ.

സംസ്ഥാനത്തുള്ള തണ്ണീർത്തടങ്ങൾ

49 [3302] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള തണ്ണീർ തടങ്ങൾ ഏതെല്ലാമെന്നും അവ ഓരോന്നിന്റെയും വിസ്തീർണ്ണം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ തണ്ണീർ തടത്തിന്റെയും സംരക്ഷണം ലക്ഷ്യമാക്കിയുള്ള പരിപാലന കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കർമ്മ പദ്ധതികളുടെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(സി) ഓരോ കർമ്മ പദ്ധതിയും നടപ്പിലാക്കുവാൻ ആവശ്യമായ തുക എത്രവീതമെന്ന് വ്യക്തമാക്കുമോ; ധനസഹായത്തിനുവേണ്ടി ഏതൊക്കെ പദ്ധതികൾ ഏതൊക്കെ ഏജൻസികൾക്ക് നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) ഇവയിൽ ഏതൊക്കെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെന്നും എന്തു തുകയുടെ അംഗീകാരമാണ് ഓരോ പദ്ധതിക്കും ലഭിച്ചതെന്നും വിശദമാക്കുമോ;

(ഇ) കർമ്മപദ്ധതി അനുസരിച്ച് ഓരോ തണ്ണീർ തടത്തിലും എന്തൊക്കെ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിച്ചുവെന്നും എന്തു തുക വീതം 2004-2005 വരെ ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(എഫ്) സംരക്ഷണ-പരിപാലന കർമ്മപദ്ധതികൾക്കുവേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും അംഗീകരിക്കപ്പെട്ട തുക എത്രയെന്നും, ഇതിൽ എന്തുതുക നാളിതുവരെ ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ജി) കേന്ദ്രസർക്കാർ അനുവദിച്ച പണം പൂർണ്ണമായും നേടിയെടുക്കാൻ സർക്കാരിന് സാധിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(എച്ച്) തണ്ണീർ തടങ്ങൾ നിയമപരമായി അംഗീകാരമുള്ള സംരക്ഷിത മേഖലയാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (എച്ച്) തണ്ണീർത്തടങ്ങളുടെ സംരക്ഷണ പരിപാലന കർമ്മ പദ്ധതികൾ ഇപ്പോൾ ജലവിഭവവകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടത്തുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly